പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1235. 12.07.2016 ൽ മറുപടിയ്ക്ക്.

## പത്ത് വർഷം പഴക്കമുള്ള വാഹനങ്ങൾ

| ചോദ്യം<br>ശ്രീ. പാറക്കൽ അബ്ദുള്ള | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പത്ത് വർഷം പഴക്കമുള്ള ബസ്സുകൾ നിരത്തിലിറക്കരുതെന്ന് ഉത്തരവുണ്ടോ ; | (എ) & (ബി) | ഉണ്ട്. പത്ത് വർഷം പഴക്കമുള്ള വാഹനങ്ങൾ പ്രധാന നഗരങ്ങളിൽ നിരോധിച്ചുകൊണ്ട് ദേശീയ ഹരിത ട്രിബ്യൂണൽ ഉത്തരവായിരുന്നു. എന്നാൽ നിലവിൽ ഈ ഉത്തരവ് നടപ്പിലാക്കുന്നത് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി രണ്ടു മാസത്തേക്ക് സ്റ്റേ ചെയ്തിരിക്കുക- യാണ്. |
| (ബി) | എങ്കിൽ എന്നു മുതലാണ് ഉത്തരവ് പ്രാബല്യത്തിൽ വരുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ; | | |
| (സി) | കെ.എസ്.ആർ.ടി.സി ബസ്സുകൾ, പത്തു വർഷം കഴിഞ്ഞ കാർ, ലോറി തുടങ്ങിയ വാഹനങ്ങൾക്കും ഈ ഉത്തരവ് ബാധകമാണോ എന്ന് വ്യക്തമാക്കുമോ ; | (സി) | ബാധകമാണ്. എന്നാൽ ട്രിബ്യൂണലിന്റെ ഉത്തരവ് ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നതിനാൽ നടപ്പിലാക്കിയി- ട്ടില്ല. |
| (ഡി) | ബസ്സുകൾ പിൻവലിക്കുന്നത് സാധാരണക്കാരായ യാത്രക്കാർക്കും ബസ്സ് ഉടമകൾക്കും ഒട്ടനവധി ജീവന ക്കാർക്കും അവരുടെ കുടുംബങ്ങൾക്കും പ്രയാസം ഉണ്ടാക്കുമോ ; | (ഡി) & (ഇ) | ഉണ്ടാകും. നിലവിൽ ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ടി ഉത്തരവ് നടപ്പിൽ വരുത്തേണ്ട സാഹചര്യം ഉണ്ടാവുകയാണെങ്കിൽ സംസ്ഥാനത്തെ പ്രധാന നഗരങ്ങളിൽ സി.എൻ.ജി. |
| (ഇ) | എങ്കിൽ ഇവ തരണം ചെയ്യാൻ | | |

| | | | |
|---|---|---|---|
| | എന്തെല്ലാം നടപടികൾ കൈക്കൊള്ളും എന്ന് വ്യക്തമാക്കമോ? | | ലഭ്യമാക്കിക്കൊണ്ട് കെ.എസ്.ആർ. ടി.സി. ബസ്സുൾപ്പെടെയുള്ള കഴിയുന്നത്ര വാഹനങ്ങളിൽ കഴിയുന്നത്ര വാഹനങ്ങൾ സി.എൻ.ജി. ഇന്ധനം ഉപയോഗിച്ച് ഓടിക്കാൻ നടപടികൾ കൈക്കൊള്ളുന്നതാണ്. കൂടാതെ ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗത്തിൽ കൊണ്ടു വരുവാനും ശ്രമിക്കുന്നതാണ്. ഇതിലൂടെ യാത്രക്കാരുടെ ക്ലേശം കുറച്ചെങ്കിലും ലഘൂകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br>ടി ഉത്തരവ് നടപ്പാക്കേണ്ടി വരികയാണെങ്കിൽ അത് സംസ്ഥാനത്തെ ഗതാഗത മേഖലയിൽ യാത്രക്കാരുടെ ഗതാഗത സൗകര്യങ്ങളെ മാത്രമല്ല ബാധിക്കുന്നത്. നിത്യോപയോഗ സാധനങ്ങൾ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ ചരക്കുകളുടെ നീക്കവും അവയുടെ വില വർദ്ധനവും, തൊഴിൽ മേഖലയിൽ ഉണ്ടാകുന്ന സ്തംഭനവും അത് സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ ഉണ്ടാക്കുന്ന ദോഷങ്ങളും, തൊഴിൽ നഷ്ടപ്പെടുന്നത് മൂലം തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും ഉണ്ടാകുന്ന ജീവിത പ്രയാസങ്ങളും വാഹനങ്ങളിന്മേലുള്ള മുടക്കുമുതൽ നഷ്ടവും അന്തർ സംസ്ഥാന റൂട്ടുകളിലൂടെയുള്ള ഗതാഗത പ്രശ്നങ്ങളും കൂടാതെ 15 വർഷത്തേക്ക് വസൂലാക്കിയ നോൺട്രാൻസ്പോർട്ട് |

| | | | |
|---|---|---|---|
| | | | വാഹനങ്ങളുടെ 10 വർഷത്തെ നികുതി കഴിച്ച് 5 വർഷത്തെ നികുതിപ്പണം തിരികെ നൽകേണ്ടിവരുന്നതും അതിന്റെ ബാദ്ധ്യതയും ഇവയൊക്കയാണ് സംസ്ഥാനത്ത് ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ. ഇവ മുന്നിൽക്കണ്ടു കൊണ്ടാണ് ബഹു.ദേശീയഹരിത ട്രിബ്യൂണലിന്റെ ഇടക്കാല ഉത്തരവ് റദ്ദാക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ബഹു.കേരള ഹൈക്കോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്തിട്ടുള്ളത്. കൂടാതെ ബഹു. സുപ്രീം കോടതി മുമ്പാകെ ഒരു കേവിയറ്റ് ഹർജി ഫയൽ ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹു. ഹരിത ട്രിബ്യൂണൽ മുമ്പാകെ ഈ വിഷയം ഫലപ്രദമായി അവതരിപ്പിച്ചുകൊണ്ടുള്ള സത്യവാങ്മൂലം ഫയൽ ചെയ്ത് ഇടക്കാല ഉത്തരവ് റദ്ദാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ.